

കണ്ണൂർ
സർവകലാശാല
മലയാള വിഭാഗം
2022 ജൂലൈ - സെപ്റ്റംബർ
വാള്യം 10 ലക്കം 3

# തുടി

U.G.C CARE Listed
Peer-Reviewed Refereed Journa

# ഉള്ളടക്കം


ഡോ.ജിസ ജോസ് 9-24

അകംലോകങ്ങളുടെ ആഖ്യാനങ്ങൾ

ഡോ.രവി കെ.പി. 25-45

സെലീന പ്രക്കാനം: ആത്മാഖ്യാനവും രാഷ്ട്രീയവ്യവഹാരവും

ഡോ.എം.ലിനീഷ് 46-55

മാടമ്പള്ളിയിലെ തുറക്കാത്ത മുറിയും മലയാളിയുടെ
കാമനാവ്യാപാരങ്ങളും

ഡോ.ഷീബാ ദിവാകരൻ 56-72

തക്ഷൻകുന്ന് സ്വരൂപം: നോവലും ദേശഭാവനയും

ഡോ.എൻ.രജനി 73-84

എഴുത്തിന്റെ പെല്ലറ്റുകൾ

ഡോ.നിമ്മി എ.പി. 85-98

മൂല്യങ്ങളും സംഘർഷങ്ങളും: ആധുനിക കുടുംബത്തിന്റെ
ആധുനികാനന്തര ചെറുകഥാപ്രതിനിധാനങ്ങൾ

ഡോ.ശ്രീശൈലം ഉണ്ണികൃഷ്ണൻ 99-119

'ഡ്രാക്കുളയുടെ നഗരം': കെ.എം.നരേന്ദ്രന്റെ
കക്കാട് വായനയും എതിർ പാഠനിർമ്മിതിയും

ഡോ.സിന്ധു കെ.വി. 120-132

വിഷാദ ബിംബാവലികളിലെ സ്ത്രീ: പെൺപെരുമാറ്റവും
സൈബർ കാവ്യലോകവും

ഡോ.സ്റ്റാലിൻ ദാസ് പടിഞ്ഞാറെപ്പുരക്കൽ 133-147

വ്യക്തി, കുടുംബം, സമൂഹം: ഭിന്നശേഷിവ്യവഹാരങ്ങളുടെ
സാഹിത്യപാഠങ്ങൾ- ഒറ്റയടിപ്പാതകളെ മുൻനിർത്തിയുള്ള
അന്വേഷണം

ഡോ.സ്വപ്ന ആന്റണി 148-162

ചിരസ്മരണ: കയ്യൂരിന്റെ സാഹിത്യപാഠം

തുടി റിസർച്ച് ജേണൽ
ISSN-2320-8880
ലക്കം- 3 വോള്യം-10

ഡോ.സ്വപ്ന ആന്റണി

# ചിരസ്മരണ: കയ്യൂരിന്റെ സാഹിത്യപാഠം

**പ്രബന്ധസംഗ്രഹം**
കർഷകപ്രസ്ഥാനങ്ങളും കാർഷികകലാപങ്ങളും കേരളത്തിന്റെ സാംസ്കാരിക പുരോഗതിയെ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്. സാമൂഹികരൂപീകരണത്തിനുള്ള ഉപാധി എന്നനിലയിൽ കയ്യൂർ കർഷകസമരചരിത്രത്തെ നോക്കിക്കാണുന്നതിനോടൊപ്പം ദേശീയ സ്വാതന്ത്ര്യസമര മുന്നേറ്റത്തോടെ കേരളത്തിൽ ശക്തി പ്രാപിച്ച സാംസ്കാരിക മുന്നേറ്റത്തിനും ദേശീയബോധത്തിനും കർഷകസമരം ഊർജ്ജം പകർന്നതെങ്ങനെയെന്നും ഈ പ്രബന്ധത്തിലൂടെ അന്വേഷിക്കുന്നു. നിരഞ്ജനയുടെ *ചിരസ്മരണ* എന്ന കൃതിയെയാണ് ഈയൊരു പഠനത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്.

**താക്കോൽ വാക്കുകൾ**
കീഴാളം, അധീശത്വം, ആഖ്യാനം, വർഗ്ഗം, ജാതി, സൗന്ദര്യാത്മകത, സാമൂഹ്യഓർമ്മ.

കൊളോണിയൽ കാലഘട്ടത്തിൽ ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ സാമ്രാജ്യത്വത്തിനെതിരെ ഒട്ടേറെ കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടുകയുണ്ടായി. കർഷകരും തൊഴിലാളികളുമായിരുന്നു ഈ കലാപങ്ങളുടെ ശക്തികേന്ദ്രങ്ങൾ. മലബാറിലെ കാർഷിക കലാപം ഇക്കൂട്ടത്തിൽ ശ്രദ്ധേയമാണ്. അക്കാലങ്ങളിൽ മലയാളനോവൽ സാഹിത്യത്തിൽ അവയുടെ സ്വാധീനം വേണ്ടത്ര ഉണ്ടായിരുന്നില്ല. പുരോഗമന സാഹിത്യപ്രസ്ഥാനം കേരളത്തിൽ സജീവമായിരുന്ന സമരകാലങ്ങളിൽ